LIBRARY ARCHIVES Kerala Legislative Assembly

## കായിക താരങ്ങളുടെ നിയമനം

130 [3004] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായികതാരങ്ങൾക്കായി നടത്തിയ നിയമനങ്ങളുടെ ഡിപ്പാർട്ടുമെന്റു തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

### ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കായിക കോട്ടയിൽ നിയമനം നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന ആറ് പേരുടെ ഒഴിവുകളിലേക്ക്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നൽകിയിട്ടുണ്ട്. അവരുടെ ഡിപ്പാർട്ട്മെന്റ് തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

(1) ശ്രീമതി കെ. ജെ. ജെസ്റ്റി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.

(2) ശ്രീമതി എസ്. എൽ. മിനി, ലാൻഡ് റവന്യൂ വകുപ്പ്.

(3) ശ്രീമതി ഹരിത എസ്. കുറുപ്പ്, ജലസേചന വകുപ്പ്.

(4) ശ്രീ. എൻ. പി. സാന്റി, കൃഷിവകുപ്പ്.

(5) ശ്രി. ജി. ബി. രാജേഷ്, എൽ. ഡി. ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പ്.

(6) ശ്രീ. എൽ. വിനോദ് കുമാർ, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റ്.

## സ്പോർട്ട്സ് കോട്ടയിൽ ജോലി ലഭിച്ചവർ

131 [3005] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്ട്സ് കോട്ടയിൽ സർക്കാർ സർവ്വീസിൽ എത്ര പേർക്ക് ജോലി നൽകി എന്ന് തസ്തികയും, ഡിപ്പാർട്ട്മെന്റും ഉൾപ്പെടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) മാനദണ്ഡം ലംഘിച്ച് ജോലി നൽകിയതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) കൂടുതൽ പേർക്ക് സ്പോർട്ട്സ് കോട്ടയിൽ നിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?